(ഡി) ഈ അദ്ധ്യായനവർഷം മുതൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് പഠിക്കുന്ന എസ്.സി/എസ്.റ്റി വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനപരീക്ഷ, കമ്മീഷണർ പ്രവേശനം നൽകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് സർക്കാരാണ് നൽകുന്നത്.

(ബി) സർക്കാരുമായി ഉടമ്പടി വച്ചിട്ടുള്ള മെഡിക്കൽ കോളേജുകൾക്ക് വിവിധ നിരക്കിലുള്ള ഫീസാണ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചു നൽകിയിരിക്കുന്നത്. ഏകീകൃത നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ 6-7-2009-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സ.ഉ. (സാധാ.) നമ്പർ 1898/09/പജപവവിവ. പ്രകാരം നിശ്ചയിച്ചിട്ടുള്ള പരമാവധി തുകയായ 2,60,000 രൂപ വരെ അനുവദിച്ചു നൽകുന്നു.

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫീസിനത്തിൽ 20,000 രൂപയും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2,60,000 രൂപയും അനുവദിച്ചു നൽകുന്നു.

(ഡി) വർദ്ധിപ്പിച്ചിട്ടില്ല.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

102 (5507) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ടിൽ അന്നത്തെ സർക്കാർ നിയമിച്ച നരേന്ദ്രൻ കമ്മീഷൻ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നരേന്ദ്രൻ കമ്മീഷൻ ഓരോ ജാതിയിലുംപെട്ട എത്ര സർക്കാർ ജീവനക്കാർ ഉണ്ടെന്നാണ് കണക്കാക്കിയിരുന്നത് ;

(സി) പ്രസ്തുത കണക്കനുസരിച്ച് ഓരോ ജാതിയുടെയും സർക്കാർ സർവ്വീസിലെ പ്രാതിനിധ്യകുറവ് കണ്ടെത്തിയിരുന്നോ ;

(ഡി) ഉണ്ടെങ്കിൽ അത് വിശദമാക്കാമോ ;

(ഇ) 2000-ാമാണ്ടിലെ ബഡ്ജറ്റ് അനുസരിച്ച് സംസ്ഥാനത്ത് എത്ര സർക്കാർ ജീവനക്കാർ ഉണ്ടായിരുന്നു ;

(എഫ്) കമ്മീഷൻ റിപ്പോർട്ടനുസരിച്ച് എത്ര ജീവനക്കാരുടെ എണ്ണത്തിൽ നിന്നാണ് ജാതി തിരിച്ചുള്ള കണക്ക് കണ്ടെത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) നിലവിൽ സംസ്ഥാന ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് കണ്ടെത്താൻ എന്തെങ്കിലും സംവിധാനം ഉണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ഇതിനായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഐ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-8-2000-ൽ 325554 ജീവനക്കാർ സർക്കാർ വകുപ്പുകളിൽ ഉണ്ടെന്നാണ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. കമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്.

(ഡി)

വിഭാഗം	തസ്തികകളിൽ വന്ന കുറവ്
ഈഴവ	5
മുസ്ലീം	7383
ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ	4370
നാടാർ	2614
പരിവർത്തിത ക്രൈസ്തവർ	2290
വിശ്വകർമ്മ	147
ധീവര	1256
മറ്റു പിന്നോക്ക ഹിന്ദു	460
ആകെ	18525

(ഇ) 3,85,234 ജീവനക്കാർ. (സ്വകാര്യ സ്കൂൾ, കോളേജ്/ എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക്/സ്വകാര്യ എഞ്ചിനീയറിംഗ്/ സ്വകാര്യ പോളിടെക്നിക് എന്നിവയിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ ഇതിൽപ്പെടുന്നില്ല.)

(എഫ്) 4,70,275.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly